പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1769 — 12.06.19 ൽ മറുപടിയ്ക്ക്

സ്വകാര്യ വാഹനങ്ങളിൽ ഔദ്യോഗിക മുദ്ര പതിക്കുന്ന നടപടി

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | ഉത്തരം<br>ശ്രീ.എ കെ ശശീന്ദ്രൻ<br>(ഗതാഗത വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സ്വകാര്യ വാഹനങ്ങളിൽ ഔദ്യോഗിക പദവികളും മുദ്രകളും രേഖപ്പെടുത്തി സഞ്ചരിക്കുന്നതിന് ആർക്കെല്ലാമാണ് അധികാരം നൽകിയിട്ടുള്ളതെന്ന് വകുപ്പുകൾ തിരിച്ച് വ്യക്തമാക്കാമോ; | (എ) | കേരള മോട്ടോർ വാഹന ചട്ടം 92 എ അനുശാസിക്കുന്ന പ്രകാരം പാർലമെന്റ് അംഗങ്ങൾ, നിയമ സഭാ അംഗങ്ങൾ, കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകളിലെ തലവൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും, ഭരണഘടന അധികാരമുള്ളതും, സ്റ്റാറ്റ്യൂട്ടറി ബോഡി എന്നിവയുടെയും തലവൻമാർ, സർവ്വ കലാശാലകൾ, കേരള ഹൈക്കോടതി യിലെ നിയമ ഉദ്യോഗസ്ഥർ, കേരള ഹൈക്കോടതിയിലെ കേന്ദ്ര സർക്കാർ കൌൺസിൽ അംഗങ്ങൾ, ജുഡീഷ്യൽ അധികാരമുള്ള ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് തങ്ങൾ ഉപയോഗിക്കുന്ന വാഹനങ്ങളിൽ ഔദ്യോഗിക പദവികൾ സൂചിപ്പിക്കുന്ന ബോർഡ് പ്രദർശിപ്പിക്കാ വുന്നതാണ്. |
| (ബി) | ഇൻഡ്യൻ സൈന്യത്തിന്റെ ചിഹ്നങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ മുദ്രകളും വകുപ്പുകളുടെ മുദ്രകളും സ്വകാര്യവാഹനങ്ങളിൽ അനധികൃതമായി പ്രദർശിപ്പിച്ച് വാഹനം ഉപയോഗിക്കുന്ന പ്രവണത വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹനങ്ങളിൽ, അനധികൃതമായി മുദ്രകളും, സൈനീക മുദ്രകളും ഉൾപ്പെടെ പ്രദർശിപ്പിക്കുന്നതിനെതിരായി മോട്ടോർ വാഹന ചട്ടങ്ങളും, നിയമങ്ങളും അനുശാസിക്കുന്ന നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (സി) | ഇത്തരത്തിൽ അനധികൃത മുദ്രകൾ പതിപ്പിച്ച് വാഹനം ഉപയോഗിക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | |

സെക്ഷൻ ഓഫീസർ